**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 167** **11-10-2021 - ൽ മറുപടിയ്ക്ക്**

**പ്രവാസികളുടെ തൊഴിലിടങ്ങളിലേക്കുള്ള മടക്കം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ,<br>ഡോ.കെ.ടി.ജലീൽ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് കാലത്ത് പ്രവാസികൾക്ക് സുരക്ഷിതമായി നാട്ടിലെത്താൻ വഴിയൊരുക്കിയതുപോലെ വിദേശത്തുള്ള തൊഴിലിടങ്ങളിലേക്ക് തിരികെ പോകാൻ ആഗ്രഹിക്കുന്നവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ സംസ്ഥാന സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വിദേശരാജ്യങ്ങളിൽ പഠിക്കുന്നവർക്കും, തൊഴിൽ ആവശ്യങ്ങൾക്കായി പോകുന്നവർക്കും, വാക്സിനേഷന് മുൻഗണന നൽകുകയും, നാട്ടിൽ വെച്ച് കോവിഡ് വാക്സിനേഷൻ പൂർത്തിയാക്കിയ പ്രവാസികൾക്ക് പാസ്പോർട്ട് നമ്പർ കൂടി ചേർത്ത് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നാട്ടിലെത്തി ലോക്ക് ഡൗൺ മൂലം തിരിച്ചുപോകാനാകാതെ കുടുങ്ങിക്കിടക്കുന്ന പ്രവാസികളിൽ 72 മണിക്കൂറിനകത്ത് RTPCR ടെസ്റ്റ് നെഗറ്റീവ് ആയവർക്ക് തൊഴിലിടങ്ങളിലേക്ക് തിരികെ പോകുന്നതിനായി നയതന്ത്ര ചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ കേന്ദ്ര വിദേശകാര്യ/ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയങ്ങളോട് അഭ്യർത്ഥിക്കുകയും, വിവിധ രാജ്യങ്ങളുമായി ഉണ്ടാക്കിയ എയർ ബബിൾ കരാർ സംവിധാനം വഴി മടക്ക യാത്രയ്ക്കായുള്ള സൗകര്യം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വാക്സിനേഷൻ സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതുമായി ബന്ധപ്പെട്ട സാങ്കേതിക തകരാറുകൾ പരിഹരിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തോടും, വാക്സിൻ അംഗീകാരം സംബന്ധിച്ച പ്രശ്നങ്ങളാലുള്ള യാത്രാദുരിതം, വിസ റഗുലറൈസേഷൻ സംബന്ധിച്ച ആശങ്കകൾ എന്നിവക്ക് നയതന്ത്രചാനൽ വിനിയോഗിച്ച് പരിഹാരം കണ്ടെത്തുവാൻ വിദേശകാര്യ മന്ത്രാലയത്തോടും, ബഹു.പ്രധാനമന്ത്രി, വിദേശകാര്യ വകുപ്പുമന്ത്രി എന്നിവരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. യാത്രാ നിരക്കിൽ വർദ്ധനവ് വരുത്തികൊണ്ടുള്ള വിമാനക്കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കുവാൻ |

| | | | |
|---|---|---|---|
| | | | കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുമുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടായതായി അറിവില്ല. ഇക്കാര്യത്തിലുണ്ടായിരുന്ന നിയന്ത്രണം കേന്ദ്രസർക്കാർ 1994-ൽ എടുത്ത് കളഞ്ഞതിലൂടെ എയർക്രാഫ്റ്റുകൾക്ക് സ്വന്തം നിലയിൽ നിരക്ക് നിശ്ചയിക്കാൻ സ്വാതന്ത്ര്യം നൽകിയിരിയ്ക്കുകയാണ്. |
| (ബി) | ഇക്കാര്യത്തിൽ നോർക്ക കോവിഡ് റെസ്പോൺസ് സെല്ലിനൊപ്പം ലോക കേരളസഭയ്ക്കും ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിരുന്നോയെന്ന് അറിയിക്കാമോ? | (ബി) | കോവിഡ്-19കാലയളവിൽ, ലോക കേരള സഭയുടെ നേതൃത്വത്തിൽ വിദേശ രാജ്യങ്ങളിൽ രൂപീകരിച്ച ഹെൽപ്പ് ഡെസ്ക്ക് മുഖാന്തിരവും, ലോക കേരള സഭാംഗങ്ങൾ സ്വന്തം നിലയിലും വിവിധ പ്രവാസി സംഘടനകളുടെയും, എംബസികളുടെയും സഹകരണത്തോടെയും, വിദേശ രാജ്യങ്ങളിൽ അകപ്പെട്ട പ്രവാസികൾക്ക് ആവശ്യമായ അടിയന്തിര സഹായങ്ങൾ ലഭ്യമാക്കുകയും, സാമ്പത്തിക ബുദ്ധിമുട്ട് ഉൾപ്പെടെയുള്ള മറ്റ് പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഫലപ്രദമായ ഇടപെടലുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ